പങ്ക് വന്നു ചേർന്നു. അധ്യാപക-വിദ്യാർത്ഥി അനുപാതത്തിലെ മാറ്റം, സ്കൂൾ മാപ്പിംഗ്, കുട്ടികളുടെ പരാതി പരിഹാര കേന്ദ്രങ്ങൾ ആരംഭിക്കൽ തുടങ്ങിയവ പരിശോധിച്ചുവരുന്നു. കുട്ടികളുടെ അവകാശ സംരക്ഷണത്തിനായി സംസ്ഥാന ബാലാവകാശ കമ്മീഷൻ പ്രവർത്തിച്ചു വരുന്നു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ആർ.റ്റി.ഇ. ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിച്ച് വിദ്യാഭ്യാസ അവകാശ ചട്ടങ്ങൾ നടപ്പിലാക്കുന്ന കാര്യങ്ങൾ പരിശോധിച്ചു വരുന്നു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനായി ഒരു സംസ്ഥാന ഉപദേശക സമിതിയും രൂപീകരിച്ചിട്ടുണ്ട്.

(ബി) വിദ്യാലയങ്ങളോട് രക്ഷകർത്താക്കൾക്ക് അകൽച്ച ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം അകൽച്ച ഉളവാകാതിരിക്കുവാൻ വേണ്ടിയാണ് സ്കൂളുകളിൽ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയും പി.റ്റി.എ. യും മദർ പി.റ്റി.എ. യും രൂപീകരിച്ചിട്ടുള്ളത്. ഇത്തരം കമ്മിറ്റികളിൽ രക്ഷാകർത്താക്കളും അധ്യാപകരും ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നു. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി രണ്ടുമാസത്തിലൊരിക്കൽ യോഗം ചേരുന്നു. സ്കൂൾ പി.ടി.എ. വർഷത്തിൽ ഏകദേശം മൂന്ന് തവണ എങ്കിലും ജനറൽ ബോഡി യോഗം നടത്താറുണ്ട്. കൂടാതെ എക്സിക്യൂട്ടീവ് കമ്മിറ്റി, മദർ പി.റ്റി.എ. എന്നീ യോഗങ്ങൾ സ്കൂൾ തലത്തിൽ നടത്തുന്നതിനാൽ രക്ഷാകർത്താക്കൾക്ക് സ്കൂളുമായി യാതൊരു അകൽച്ചയുമില്ല.

നെല്ല് സംഭരണവിലയും സ്വകാര്യ മില്ലുകളുടെ ചൂഷണവും

17 (*257) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സപ്ലൈകോവഴി സംഭരിക്കുന്ന നെല്ലിന്റെ വില എത്രയായാണ് നിശ്ചയിച്ചിട്ടുള്ളത് ; ഇതിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്ര വീതമാണെന്ന് വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ മൂന്നുവർഷം സംസ്ഥാനത്ത് ആകെ എത്ര നെല്ല് സംഭരിച്ചു എന്ന വിവരം ലഭ്യമാണോ ; വിശദമാക്കാമോ ; സംഭരിച്ച നെല്ലിന്റെ കുടിശ്ശിക തുക എന്നത്തേക്ക് കൊടുത്തു തീർക്കാൻ കഴിയുമെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാർ സംഭരണ വിലയിൽ വരുത്തിയ കുറവ് കാരണം കർഷകർ സ്വകാര്യ മില്ലുകളുടെ കൊടിയ ചൂഷണത്തിന് വിധേയമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതുമൂലം നിലവിൽ ശുഷ്കമായിക്കൊണ്ടിരിക്കുന്ന നെൽകൃഷി കൂടി ക്രമേണ ഇല്ലാതാകുമെന്ന കാര്യം അറിവുള്ളതാണോ ;

(ഡി) സംഭരണസമയത്തുതന്നെ കർഷകർക്ക് നെല്ലിന്റെ വില ലഭിക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച പദ്ധതി എന്തായിരുന്നു ; ഇത് നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണം എന്തെന്ന് അറിയിക്കാമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്):

(എ) സപ്ലൈകൊ നിലവിൽ ഒരു കിലോഗ്രാം നെല്ലിന് 19 രൂപ നിരക്കിലാണ് നെല്ല് സംഭരിക്കുന്നത്. ഇതിൽ 13.60 രൂപ കേന്ദ്ര വിഹിതവും (MSP) 5.40 രൂപ സംസ്ഥാന വിഹിതവുമാണ്.(SIB)

(ബി) കഴിഞ്ഞ മൂന്നുവർഷങ്ങളിലായി സപ്ലൈകോ സംഭരിച്ച നെല്ലിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2012-13 -358464.244 MT

2013-14 -535583.842 MT

2014-15 -550055.526 MT

2014-15 സീസണിൽ സംഭരിച്ച നെല്ലിന്റെ തുക നൽകി കഴിഞ്ഞു.

(സി) സംഭരണ വിലയിൽ കുറവു വരുത്തിയിട്ടില്ല. സപ്ലൈകോവഴി നെല്ല് സംഭരണത്തിന് രജിസ്റ്റർ ചെയ്ത കർഷകർ സ്വകാര്യ മില്ലുകളുടെ ചൂഷണത്തിന് വിധേയരാകുന്നില്ല. രാജ്യത്തെ ഏറ്റവും ഉയർന്ന സംഭരണ വിലയാണ് കേരളത്തിൽ നൽകുന്നത്.

(ഡി) സംഭരണസമയത്തുതന്നെ കർഷകർക്ക് നെല്ലിന്റെ വില ലഭ്യമാക്കുന്നതിന് സർക്കാർ PRS (പാഡി റസീറ്റ് ഷീറ്റ്) ലോൺ എന്ന പദ്ധതി ആവിഷ്കരിച്ചു. ഇതിനാവശ്യമായ തുക സപ്ലൈകോ ബാങ്കുകളിൽ നിന്ന് കടമെടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇതനുസരിച്ച് കർഷകർക്ക് ലഭിക്കേണ്ട തുക അതാതു ജില്ലയിലെ പാഡി പെയ്മെന്റ് ഓഫീസർ പാസാക്കി നൽകുന്ന മുറയ്ക്ക്, കാനറാ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ, തൃശ്ശൂർ, പാലക്കാട് ജില്ലാ സഹകരണ ബാങ്ക് എന്നിവ മുഖേന കർഷകർക്ക് നെല്ലിന്റെ വില ലഭ്യമാക്കുകയും അതിന്റെ പലിശ സപ്ലൈകോ വഹിക്കുന്നതുമാണ്. മേൽപ്പറഞ്ഞ പദ്ധതി നടപ്പിലാക്കുന്നത് സപ്ലൈകോയുടെ അനുവദനീയമായ ലോൺ പരിധിയിൽ നിന്നുകൊണ്ടാണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ പദ്ധതി നടപ്പിലാക്കിവരുന്നു.

ഏകീകൃത അക്കാഡമിക് കലണ്ടർ

18 (*258) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. വർക്കല കഹാർ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലകൾക്ക് ഏകീകൃത അക്കാഡമിക് കലണ്ടർ ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മൂലം കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് സംബന്ധിച്ച് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ശിപാർശ നൽകിയിട്ടുണ്ടോ ;

(ഡി) എന്തെല്ലാം കാര്യങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലേയും പ്രവേശനം, പരീക്ഷ നടത്തിപ്പ്, ഫലപ്രഖ്യാപനം എന്നിവ കൃത്യസമയത്ത് നടത്തി വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനും ജോലി ലഭിക്കുന്നതിനുമുള്ള പ്രയാസങ്ങൾ ഒഴിവാക്കുകയെന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly